ഉത്തരം

(എ&ബി) അന്തർ സംസ്ഥാന സർവീസുകൾ ബന്ധപ്പെട്ട സർക്കാരുകൾ തമ്മിലുള്ള കരാർ പ്രകാരമാണ് നടത്തുന്നത്. നിലവിലുള്ള കരാറനുസരിച്ച് പ്രസ്തുത റൂട്ടുകളിൽ സർവീസു നടത്തുവാൻ നിർവാഹമില്ല.

(സി) പരിശോധിച്ച് യാത്രാക്ലേശം പരിഹരിക്കുവാൻ ആവശ്യമെങ്കിൽ റീ കണ്ടീഷൻ ചെയ്ത ബസുകൾ അനുവദിക്കുന്നതാണ്.

(ഡി) പുതിയ ദീർഘദൂര സൂപ്പർ എക്സ്പ്രസ്/സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആരംഭിക്കുവാൻ പെർമിറ്റ് ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്. ഈ റൂട്ടിൽ പുതിയ സൂപ്പർഫാസ്റ്റ് തുടങ്ങുവാൻ നിർവാഹമില്ല.

(ഇ) ഇപ്പോൾ നടപടികൾ ഒന്നും പരിഗണനയിലില്ല.

പുതിയ ബസ് സർവ്വീസ്

35 (822) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മരുതൂർ ആരാധനാ നഗർ റസിഡൻസ് അസോസിയേഷൻ ബസ് സർവീസിനെ സംബന്ധിച്ച് 2000 മേയ് മൂന്നാം തീയതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഉള്ളൂർ പഞ്ചായത്ത് കോർപ്പറേഷനായ സ്ഥിതിയ്ക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഇപ്പോൾ നാലാഞ്ചിറ വരെ വന്നുപോകുന്ന എല്ലാ ബസുകളും ചിറ്റാഴ വരെ വന്നുപോകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നിലവിൽ വാഹനസൗകര്യം കുറവായ മണ്ണന്തല, മരുതൂർ, ആരാധനാ നഗർ മലപ്പുറിക്കോണം വഴി പൗഡിക്കോണം വരെ വന്നുപോകുന്ന ഒരു പുതിയ ബസ് സർവ്വീസ് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി കെ. എസ്. ആർ. ടി. സി. യിൽ ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നാലാഞ്ചിറയിൽ ഒരു കോളേജും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉള്ളതുകൊണ്ട്, വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം കെ. എസ്. ആർ. ടി. സി. ചില ട്രിപ്പുകൾ നാലാഞ്ചിറ വരെ നടത്തുന്നുണ്ട്. ഇവ ചിറ്റാഴ വരെ നീട്ടുവാൻ നിർവാഹമില്ല.

(ഡി) പുതിയ സർവ്വീസ് തുടങ്ങുവാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly